# തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

## പുറപ്പെടുവിക്കുന്നത് : ദിലീപ്കുമാർ.റ്റി.ഐ

വിഷയം: വനംവകുപ്പ് - ജീവനക്കാര്യം - 01.01.2018 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ബി.ജെ.ജയചന്ദ്രനെ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയത്തിന്റെ 23.10.2020 തീയതിയിലെ ഇ1-3002/2015 നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ പി.എസ്.സിയുടെ 08.09.1998 തീയതിയിലെ ഡി.റ്റി.ബി(9)329/92(3) നമ്പർ ഉത്തരവ്.
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 19.07.2007 തീയതിയിലെ ഇ3-13454/2007
4. ഈ ഓഫീസിലെ 05.06.2012 തീയതിയിലെ ഇ3-9981/2011 നമ്പർ ഉത്തരവ്.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന്റെ 03.08.2019-ലെ ഇ5-6226/2018 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ഇ5-6226/2018 തീയതി: 23-12-2020

സൂചന (1) പ്രകാരം ശ്രീ.ബി.ജെ.ജയചന്ദ്രൻ, ക്ലാർക്കിനെ 01.01.2018 തീയതി പ്രാബല്യത്തിലുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ.ബി.ജെ.ജയചന്ദ്രൻ സൂചന (2) പ്രകാരം 15.10.1998-ൽ ലോവർ ഡിവിഷൻ ക്ലാർക്കായി വനം വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. എസ്സ്.സി / എസ്.റ്റി വിഭാഗത്തിൽ പ്പെട്ടവർക്ക് നിശ്ചിത കാലത്തേയ്ക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് നൽകാം എന്നതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം 18.07.2008 തീയതി പ്രാബല്യത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ നിശ്ചിത കാലയളവിന് ശേഷവും ടെസ്റ്റ് യോഗ്യത നേടാത്തതിനാൽ സൂചന (4) പ്രകാരം ടിയാനെ ക്ലാർക്കായി റിവർട്ട് ചെയ്തു.

30.04.2020-ന് 50 വയസ്സ് പൂർത്തിയാക്കിയ ശ്രീ.ബി.ജെ.ജയചന്ദ്രന് പ്രൊമോഷന് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവ് ലഭിക്കുന്നതിനാൽ അപ്പർ ഡിവിഷൻ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്. ആയതിന് ടിയാന്റെ പേര് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന്റെ 01.01.2018 പ്രാബല്യ

തീയതിയിലുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ടി ലിസ്റ്റിൽ ടിയാന്റെ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശ തീയതിയായ 08.09.1998 തീയതി കണക്കാക്കി ക്രമ നമ്പർ (28) ശ്രീ.ശ്രീനാഥ്.കെ.ജി-യുടേയും ക്രമ നമ്പർ (29) ശ്രീ.സന്തോഷ്.സി.പി-യുടേയും മദ്ധ്യേ സ്ഥാനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ 01.01.2018 പ്രാബല്യത്തിലുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ബി.ജെ.ജയചന്ദ്രൻ ക്ലാർക്കിന്റെ സ്ഥാനം ക്രമ നമ്പർ (28) ശ്രീ.ശ്രീനാഥ്.കെ.ജി-യുടേയും ക്രമ നമ്പർ (29) ശ്രീ.സന്തോഷ്.സി.പി-യുടേയും മദ്ധ്യേ (28A) ആയി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

To

ശ്രീ.ബി.ജെ.ജയചന്ദ്രൻ, ക്ലാർക്കിന് (മേലധികാരി മുഖേന).

പകർപ്പ്:

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ) കോട്ടയത്തിന്.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. ഇ3 സെക്ഷന് -ശ്രീ.ബി.ജെ.ജയചന്ദ്രന് 30.04.2020-ൽ 50 വയസ്സ് പൂർത്തിയായിട്ടുണ്ട്, ടിയാന് അർഹമായ തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. സ്റ്റോക്ക് ഫയൽ.